# പതിമൂന്നാം കേരളനിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6659 — 1.11.2011-ലെ മറുപടിക്ക്

### മീനാട് ശുദ്ധജല വിതരണ പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ. ജി.എസ്. ജയലാൽ | | ശ്രീ. പി.ജെ. ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) | ജെ.ബി.ഐ.സി. പദ്ധതിയുടെ ഭാഗമായ മീനാട് ശുദ്ധജലവിതരണ പദ്ധതി പ്രകാരം എത്ര കുടുംബങ്ങൾക്ക് കുടിവെള്ളം ലഭ്യമാക്കുവാനാണ് പദ്ധതി ആവിഷ്ക്കരിച്ചിട്ടുള്ളത്; | (എ) | ജെ.ഐ.സി.എ ജിക്ക പദ്ധതിയുടെ ഭാഗമായ മീനാട് ശുദ്ധജല വിതരണ പദ്ധതി പ്രകാരം ഉദ്ദേശം 1,25,000 കുടുംബങ്ങൾക്ക് അന്തിമമായി കുടിവെള്ളം ലഭ്യമാക്കുവാനാണ് ഉദ്ദേശിക്കുന്നത്. |
| (ബി) | അപേക്ഷ ക്ഷണിച്ചതനുസരിച്ച് എത്ര കുടുംബങ്ങൾ അപേക്ഷ സമർപ്പിച്ചിരുന്നു; അപേക്ഷിച്ച ഗുണഭോക്താക്കളിൽ എത്രപേർ കണക്ഷൻ ലഭിക്കുന്നതിലേക്കായി തുക അടച്ചിട്ടുണ്ട്; | (ബി) | ഇപ്പോൾ ചാത്തന്നൂർ പഞ്ചായത്തിൽ മാത്രമാണ് വാട്ടർ കണക്ഷൻ കൊടുത്തു തുടങ്ങിയിട്ടുള്ളത്. ഇതുവരെ ചാത്തന്നൂർ പഞ്ചായത്തിൽ 84 കുടുംബങ്ങൾ വാട്ടർ കണക്ഷനുവേണ്ടി അപേക്ഷിച്ചിട്ടുണ്ട്. ഇതിൽ 53 പേർ കണക്ഷൻ ലഭിക്കുന്നതിലേക്കായി തുക അടച്ചിട്ടുണ്ട്. |
| (സി) | വീണ്ടും അപേക്ഷ ക്ഷണിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം അറിയിക്കുമോ; | (സി) | മീനാട് ശുദ്ധജല വിതരണ പദ്ധതിയുടെ വിതരണ പൈപ്പ് ലൈനിന്റെ പണികൾ ഓരോ പഞ്ചായത്തിലും പൂർത്തീകരിക്കുന്ന മുറയ്ക്ക് പുതിയ അപേക്ഷകൾ ക്ഷണിക്കുന്നതാണ്. |
| (ഡി) | അപേക്ഷ നൽകി തുക അടച്ച എത്ര കുടുംബങ്ങൾക്ക് കണക്ഷൻ നൽകിയിട്ടുണ്ട്; ശേഷിക്കുന്നവർക്ക് എന്ന് കണക്ഷൻ നൽകുവാൻ കഴിയുമെന്ന് അറിയിക്കുമോ? | (ഡി) | അപേക്ഷ നൽകി തുക അടച്ച 53 കുടുംബങ്ങൾക്കും കണക്ഷൻ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ